**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

**സ.ഉ.(കൈ) നം.9/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/01/2021

പരാമർശം:- 1 09.07.2019-ലെ സ.ഉ.(അച്ചടി) നം: 81/2019/ധന.

2 05.11.2019-ലെ സ.ഉ.(സാധാ)നം: 2462/2019/തസ്വഭവ.

3 17.04.2020-ലെ G.O. (P) No. 35/2020/LSGD

4 17.04.2020-ലെ G.O. (P) No. 36/2020/LSGD

5 കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണൽ ചെയർപേഴ്സന്റെ 21.04.2020, 17.06.2020, 14.10.2020, 15.10.2020, 05.11.2020 എന്നീ തീയതികളിലെ കത്തുകൾ.

**ഉത്തരവ്**

പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണൽ രൂപീകരിച്ചു കൊണ്ടും പരാമർശം (4) പ്രകാരം ട്രിബ്യൂണലിൽ ചെയർപേഴ്സണെ നിയമിച്ചു കൊണ്ടും ഉത്തരവായിരുന്നു. പ്രസ്തുത ട്രിബ്യൂണൽ എറണാകുളത്ത് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2) കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനായി തസ്തികകൾ സൃഷ്ടിക്കുന്നതിന് ട്രിബ്യൂണൽ ചെയർപേഴ്സൺ പരാമർശം (5) പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ കരാർ അടിസ്ഥാനത്തിൽ താഴെ പറയുന്ന പതിനൊന്ന് തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| SL.No. | Post | No. |
|---|---|---|
| 1 | Private Secretary to the Chairperson | 1 |
| 2 | Administrative Assistant cum Office Superintendent | 1 |
| 3 | Filing Scrutiny Officer cum Accounts Officer | 1 |
| 4 | Assistant Court Officer | 1 |
| 5 | Confidential Assistant (Senior Grade) | 1 |
| 6 | Junior Clerk | 2 |
| 7 | Messenger/Court Keeper | 1 |
| 8 | Personal Attendant for the Chairperson | 1 |

| | | |
|---|---|---|
| 9 | Part-time Sweeper | 1 |
| 10 | Office Attendant | 1 |
| | **Total** | **11** |

4) ഇതിൽ ക്രമ നം. (1) മുതൽ (4) വരെയുള്ള തസ്തികകളുടെ വേതനം കേരള സർവീസ് ചട്ടങ്ങൾ പാർ ട്ട് III ചട്ടം 100 പ്രകാരം നിശ്ചയിക്കുന്നതിനും ക്രമനമ്പർ (5 ) മുതൽ (10 ) വരെയുള്ള തസ്തികകളുടെ വേതനം (മെസ്സഞ്ചർ/കോർട്ട് കീപ്പർ/ പേഴ്സണൽ അറ്റന്റന്റ് എന്നിവരെ പരാമർശം (1) പ്രകാരമുള്ള ഉത്തരവിന്റെ കാറ്റഗറി ഒന്നിൽ ഉൾപ്പെടുത്തി) നിലവിലുള്ള കരാർ വേതന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതിനും അനുമതി നൽകുന്നു. ഇതു മൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യത പരാമർശം (2) ഉത്തരവ് പ്രകാരം സൃഷ്ടിച്ച കേരളാ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

ചെയർ പേഴ്സൺ, കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണൽ, എറണാകുളം. (ആമുഖ കത്തു സഹിതം)

ചെയർമാൻ, കേരളാ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി, തിരുവനന്തപുരം. (ആമുഖ കത്തു സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ./ഇ.&ആർ.എസ്.എ.), കേരള,

തിരുവനന്തപുരം.

പൊതുഭരണ (എസ്.സി.) വകുപ്പ് - പ്രകാരം

ധനകാര്യ വകുപ്പ് (01.12.2020, 30.12.2020 എന്നീ തീയതികളിലെ Dev-1/182/2020-Fin (Comp.No.1562231) പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

4889780/2021/LSGD(OS)

LOCAL SELF GOVERNMENT (OS) DEPT.
16 JAN 2021
THIRUVANANTHAPURAM

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 13-01-2021**

ഫയൽ നം. തസ്വഭവ-ഐബി1/83/2020-തസ്വഭവ. ഇനം നം: 4486

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്.

4486

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രി സഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നം. | തസ്വഭവ-ഐബി1/83/2020-തസ്വഭവ |
| 2 | വകുപ്പ് | തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ് |
| 3 | വിഷയം | കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ തസ്തികകൾ സൃഷ്ടിക്കുന്നത്-സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി: | 04.01.2021 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ. |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | യു.വി. ജോസ് |
| 8 | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 05.01.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 06.01.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | എ.സി. മൊയ്തീൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 07.01.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 08.01.2021 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | 13.01.2021 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | G.O.(Ms) No: 9/2021/LSGD dated 18.01.2021. |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനായി തസ്തികകൾ സൃഷ്ടിക്കുന്നതിന് ട്രിബ്യൂണൽ ചെയർപേഴ്സൺ സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു. ഫയൽ ധനകാര്യ വകുപ്പിന് അയച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെ പറയുന്ന തസ്തികകൾ കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ സൃഷ്ടിക്കുന്നതിന് അനുമതി നൽകി.

| Sl.No. | Post | No. |
|---|---|---|
| 1 | Private Secretary to the Chairperson | 1 |
| 2 | Administrative Assistant cum Office Superintendent | 1 |
| 3 | Filing Scrutiny Officer cum Accounts Officer | 1 |
| 4 | Assistant Court Officer | 1 |
| 5 | Confidential Assistant (Senior Grade) | 1 |
| 6 | Junior Clerk | 2 |
| 7 | Messenger/Court Keeper | 1 |
| 8 | Personal Attendant for the Chairperson | 1 |
| 9 | Part-time Sweeper | 1 |
| 10 | Office Attendant | 1 |
| | **Total** | **11** |

മേൽ പരാമർശ തസ്തികകളുടെ ദിവസ വേതന / കരാർ വേതനം സംബന്ധിച്ച് ധനകാര്യ വകുപ്പ് പരാമർശിക്കാത്തതിനാലും, ദിവസ വേതന / കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ടും പുതിയ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിക്കൊണ്ടും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 9/7/19-ലെ സ.ഉ.(അച്ചടി) നം: 81/2019/ധന ഉത്തരവിൽ ടി തസ്തികകളിൽ ചിലത് ഉൾപ്പെടാത്തതിനാലും ടി തസ്തികകളുടെ വേതനം നിശ്ചയിക്കുന്നതിനായി ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേക്ക് അയക്കുകയുണ്ടായി.

*ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.*

*" The pay of posts mentioned (1 to 4) in Note #50 of AD file may be fixed as per Rule 100 of KSR Part III since the persons occupying the posts are retired hands. The pay of post (5 to 10) (including posts like Messenger / Court Keeper and Personal Attendant may be fixed in Category 1) shall be fixed in accordance with general contract pay orders.*

*This has the approval of Hon'ble M (Fin). "*

ഈ സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ മേൽ പട്ടിക പ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയുണ്ടായി. ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

<u>തീരുമാനിക്കേണ്ട വിഷയം</u>

1) കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ ധനകാര്യ വകുപ്പ് അംഗീകരിച്ച താഴെ പറയുന്ന 11 തസ്തികകൾ കരാർ അടിസ്ഥാനത്തിൽ സൃഷ്ടിക്കുന്നതിന് അനുവാദം നൽകാവുന്നതാണോ ?

| SL.No. | Post | No. |
|---|---|---|
| 1 | Private Secretary to the Chairperson | 1 |
| 2 | Administrative Assistant cum Office Superintendent | 1 |
| 3 | Filing Scrutiny Officer cum Accounts Officer | 1 |
| 4 | Assistant Court Officer | 1 |
| 5 | Confidential Assistant (Senior Grade) | 1 |
| 6 | Junior Clerk | 2 |
| 7 | Messenger/Court Keeper | 1 |
| 8 | Personal Attendant for the Chairperson | 1 |
| 9 | Part-time Sweeper | 1 |
| 10 | Office Attendant | 1 |
| | **Total** | **11** |

2) ഇതിൽ ക്രമ നം.1 മുതൽ 4 വരെയുള്ള തസ്തികകളുടെ വേതനം KSR പാർട്ട് III ചട്ടം 100 പ്രകാരം നിശ്ചയിക്കാവുന്നതാണോ?

3) ക്രമനമ്പർ 5 മുതൽ 10 വരെയുള്ള തസ്തികകളുടെ വേതനം, (മെസ്സഞ്ചർ/കോർട്ട് കീപ്പർ/ പേഴ്സണൽ അറ്റന്റന്റ് എന്നിവരെ 9/7/19-ലെ സ.ഉ.(അച്ചടി) നം: 81/2019/ധന ഉത്തരവിന്റെ കാറ്റഗറി ഒന്നിൽ ഉൾപ്പെടുത്തി) കരാർ വേതന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതിന് അനുമതി നൽകാവുന്നതാണോ?

4) ഇതുമൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യത 5/11/2019-ലെ സ.ഉ.(സാധാ)നം: 2462/2019/തസ്വഭവ ഉത്തരവു പ്രകാരം സൃഷ്ടിച്ച കേരളാ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുവാദം നൽകാവുന്നതാണോ?